(ഡി) ട്രഷറികളിൽ നിന്നുള്ള പേമെന്റുകൾക്ക് നിയന്ത്രണമില്ലാത്ത ദിനങ്ങൾ എത്രയായിരുന്നു ; അവ ഏതെല്ലാം മാസങ്ങളിൽ എത്ര ദിനം വീതമായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ഇ) ദൈനംദിന ചെലവുകൾക്കായി 2004-2005, 2005-2006 വർഷങ്ങളിൽ എത്ര ദിവസം റിസർവ് ബാങ്കിനെ ആശ്രയിക്കേണ്ടിവന്നിട്ടുണ്ട് ; എത്ര ദിവസം കേരളം ഓവർ ഡ്രാഫ്റ്റിലായിരുന്നു ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ഇപ്പോൾ സാമ്പത്തിക പ്രതിസന്ധി നേരിടുന്നില്ല.

(ബി) റിസർവ് ബാങ്ക് നൽകിയ കണക്ക് അനുസരിച്ച് ഫെബ്രുവരി 2-ാം തീയതി സർക്കാരിന് 423.99 കോടി രൂപയുടെ ട്രഷറി ബിൽ ഹോൾഡിംഗ് ഉണ്ട്.

(സി) ട്രഷറി പേമെന്റുകൾക്ക് നിയന്ത്രണമൊന്നും ഏർപ്പെടുത്തേണ്ടി വന്നിട്ടില്ല.

(ഡി) ട്രഷറി പേമെന്റുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നില്ല. ധനകാര്യ മാനേജ്മെന്റിന്റെ ഭാഗമായി ചില ക്രമീകരണങ്ങളോടെ എല്ലാ ദിവസവും ട്രഷറി പേമെന്റുകൾ അനുവദിച്ചിരുന്നു.

(ഇ) 2004-2005-ൽ 338 ദിവസവും 2005-06-ൽ (2006 ജനുവരി 31-ാം തീയതി വരെ) 195 ദിവസവും റിസർവ് ബാങ്കിനെ ആശ്രയിക്കേണ്ടി വന്നിട്ടുണ്ട്. 2004-2005-ൽ 124 ദിവസവും 2005-06-ൽ (2006 ജനുവരി 31-ാം തീയതി വരെ) 47 ദവസവും ഓവർ ഡ്രാഫ്റ്റിലായിരുന്നു.

സംസ്ഥാന സർക്കാരിന്റെ കടബാദ്ധ്യത

7 [464] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-ൽ യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിനകത്തുനിന്നും രാജ്യത്തെ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വിദേശ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എത്ര തുക കടമെടുത്തിട്ടുണ്ട് ;

(ബി) കടം എടുത്ത വകയിൽ പ്രതിവർഷം എത്ര തുക പലിശ ഇനത്തിൽ നൽകേണ്ടിവരുന്നു എന്ന് വ്യക്തമാക്കാമോ ;

(സി) എ.ഡി.ബി. ധനസഹായം എന്നാണ് സംസ്ഥാനത്തിന് ലഭിച്ചത് ;

(ഡി) എ.ഡി.ബി.-യിൽ നിന്നും എത്ര തുക ഇതുവരെ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട് ; ഈ തുക ഏതെല്ലാം വിഭാഗങ്ങളിൽ ചെലവഴിച്ചു ; വിശദാംശം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന സർക്കാർ വിദേശ ഏജൻസികളിൽ നിന്നും നേരിട്ട് കടം എടുക്കാറില്ല. വിദേശ സഹായം കേന്ദ്ര സർക്കാർ വഴി വിദേശ സഹായ പദ്ധതികൾക്കായുള്ള അധിക കേന്ദ്ര സഹായമായിട്ടാണ് ലഭിക്കാറുള്ളത്. ഇത് കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളിൽ ഉൾപ്പെടുന്നു. മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ താഴെപറയും പ്രകാരമാണ്:

(തുക കോടിയിൽ)

വർഷം	LIC	GIC	NABARD	NCDC	Others
2001	360.92	..	155.71	65.78	..
2002-03	425.00	65.90	114.37	42.50	..
2003-04	440.00	40.00	117.54	123.46	266.72
2004-05	440.00	40.00	100.84	66.42	..
2005-06 (31-12-2005 വരെ)	440.00	40.00	57.71	52.14	..

(ബി) മേൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് എല്ലാംകൂടി ഓരോ വർഷവും നൽകിയിട്ടുള്ള പലിശ താഴെ കാണും പ്രകാരമാണ്.

(തുക കോടിയിൽ)

വർഷം	പലിശ
2001-02	184.90
2002-03	263.68
2003-04	463.60
2004-05	520.00
2005-06 (31-12-2005 വരെ)	417.68

(സി) എ.ഡി.ബി.-യിൽ നിന്ന് കേന്ദ്ര സർക്കാർ വഴി സാമ്പത്തിക പരിഷ്കരണത്തിനും ഭരണ നവീകരണത്തിനുമായി 2002 ഡിസംബറിലും 2005 മാർച്ചിലുമാണ് ധനസഹായം ലഭിച്ചത്.

(ഡി) എ.ഡി.ബി.-യിൽ നിന്നും കേന്ദ്ര സർക്കാർ വഴി സാമ്പത്തിക പരിഷ്കരണത്തിനും, ഭരണ നവീകരണത്തിനുമായി 225 മില്യൻ ഡോളർ (1036.50 കോടി രൂപ) ഇതുവരെ ലഭിച്ചിട്ടുണ്ട്. ഇനി ഈ ഇനത്തിൽ തുകയൊന്നും ലഭിക്കാനില്ല. ഇത് സംസ്ഥാന വിഹിതം ഉൾപ്പെടെ താഴെ പറയുന്ന ആവശ്യങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്. (അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്ക് പ്രകാരം).

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന വൈദ്യുതി ബോർഡിന്റെ റവന്യൂ കമ്മി നികത്താനായി 756 കോടി രൂപയും ടി.പി. അക്കൗണ്ട് നിർത്തലാക്കിയതുപ്രകാരമുള്ള അഡ്ജസ്റ്റ്മെന്റിനായി 300 കോടി രൂപയും അസറ്റ് റിന്യൂവൽ ഫണ്ട് രൂപീകരിക്കുന്നതിനായി 130 കോടി രൂപയും വിനിയോഗിച്ചിട്ടുണ്ട്. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്കായി 209 കോടി രൂപയും വിവിധ വകുപ്പുകളുടെ ഭരണ നവീകരണ പ്രവർത്തനങ്ങൾക്കായി 217.28 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

സർക്കാരിന്റെ കടബാദ്ധ്യത

8 [465] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-ൽ യു.ഡി.എഫ്. മന്ത്രിസഭ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ കടബാദ്ധ്യത എത്രയായിരുന്നുവെന്ന് അറിയിക്കാമോ ;

(ബി) 2001-2002 മുതൽ 2005-2006 വരെ ഓരോ വർഷവും ഏതൊക്കെ ഇനങ്ങളിലായി എത്ര തുക വീതം കടം അധികമായി വാങ്ങിയിട്ടുണ്ടെന്നും ഇപ്പോൾ സർക്കാരിന്റെ മൊത്തം കടം എത്രയാണെന്നും അറിയിക്കാമോ ;

(സി) ഈ കാലയളവിൽ പലിശ, മുതൽ ഇനങ്ങളിലായി എത്ര തുക തിരിച്ചടച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1-4-2001-ൽ സംസ്ഥാന സർക്കാരിന്റെ പൊതുകടം 23919 കോടി രൂപ ആയിരുന്നു.

(ബി) നടപ്പ് സാമ്പത്തിക വർഷത്തിൽ 31-12-2005 വരെയുള്ള താൽക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ചിട്ടുള്ളൂ. ഇതുൾപ്പെടെ 31-12-2005 വരെ സംസ്ഥാനത്തിന്റെ പൊതുകടം 44350 കോടി രൂപയാണ്. 2001-2002 മുതൽ 2005-2006 വരെ ഓരോ ഇനങ്ങളിലായി സർക്കാർ വാങ്ങിയിട്ടുള്ള വായ്പ താഴെ കാണും പ്രകാരമാണ്.

(തുക കോടിയിൽ)

ഇനം	2001-2002	2002-2003	2003-2004	2004-2005	2005-2006 (31-12-2005 വരെ)
1. ആഭ്യന്തര വായ്പ	7849.70	10518.16	14120.87	14442.36	9951.15
2. കേന്ദ്ര സർക്കാർ വായ്പ	780.69	1192.86	968.17	1482.11	542.72
3. സ്മോൾ സേവിംഗ്സ്, പ്രോവിഡന്റ് ഫണ്ട് മുതലായവ	7186.46	9833.86	8773.13	7896.44	5316.90

LIBRARY ARCHIVES Kerala Legislative Assembly